# ചലനാത്മകമായ ഇക്കണോമിക്സ് പഠനം

ബിജി, 24, ചെങ്ങന്നൂർ
എം.ഫിൽ വിദ്യാർത്ഥി, സ്കൂൾ ഓഫ് സോഷ്യൽ സയൻസ്, മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സ്വാതന്ത്ര്യം എന്നത് ഒരു സമൂഹത്തിന് മുഴുവനായി ലഭിക്കേണ്ട ഒന്നാണെന്നാണ് സാർത്ര് പറയുന്നത്. അതായത് ഒരു വ്യക്തിക്ക് ലഭിക്കുന്ന സ്വാതന്ത്ര്യത്തിന്റെ പൂർത്തിവൽക്കരണം' അയാൾ ജീവിക്കുന്ന സമൂഹത്തിന്റെ മുഴുവനായിട്ടുള്ള സ്വതന്ത്രമായ പ്രവർത്തനത്തിലൂടെയാണ്. തിരിച്ചും ഇങ്ങനെതന്നെ വായിക്കപ്പെടാവുന്നതാണ്. ഈ ഒരു ധാരണയിൽ നിന്നുകൊണ്ട് സ്വതന്ത്ര ഭാരതത്തെ നിരീക്ഷിക്കുമ്പോൾ സ്വാതന്ത്ര്യത്തെ തന്നെ പ്രശ്നവൽക്കരിക്കേണ്ടതായി വരുന്നു. 1947 ആഗസ്റ്റ് 15ന് ബ്രിട്ടീഷ് ആധിപത്യത്തിൽനിന്ന് ഇന്ത്യ സ്വതന്ത്രമായി എന്ന് പറയുമ്പോൾ അധികാരികളും കോളനിയും ഒപ്പിട്ട ഏതെങ്കിലുമൊരു ഫയൽ കൈമാറി എന്നതിനപ്പുറം അല്ലെങ്കിൽ ദേശീയപാതയിൽ വരുന്ന മാറ്റം പിന്നെ പെട്ടെന്നൊരു ദിവസം വെളുത്ത നിറമുള്ള മനുഷ്യരെ കാണാതാവുക എന്നതിനപ്പുറം ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന ദരിദ്രവിഭാഗത്തിന് അവരുടെ ജീവിതത്തിൽ സമൂലമായ എന്തെങ്കിലും മാറ്റം ഉണ്ടായതായി തോന്നിയിട്ടുണ്ടാവില്ല. ഉദാഹരണത്തിന് ഭൂരഹിതനായ ഒരു തൊഴിലാളിക്ക് അവന്റെ ഭൂവുടമയും ബ്രിട്ടീഷുകാരനും തമ്മിലോ, കൊളോണിയൽ ഇന്ത്യയും സ്വതന്ത്ര ഇന്ത്യയും തമ്മിലോ വലിയ വകഭേദങ്ങൾ ഉണ്ടാവില്ല. ഇത് സ്വാതന്ത്ര്യത്തെ കുറിച്ചുള്ള അറിവില്ലായ്മയാണ്. ജീവിതദുരിതങ്ങളിലെ നിസ്സഹായവസ്ഥയാണ്. ഈ ഒരു നിസ്സഹയാവസ്ഥയെ, സ്വതന്ത്രഇന്ത്യയിലെ ആദ്യത്തെ മഹദ് പ്രഖ്യാപനമായ 'ഡാമുകൾ ആധുനിക ഭാരതത്തിലെ ക്ഷേത്രങ്ങൾ'[2] മുതൽ 'ഇന്ത്യ തിളങ്ങുന്നു'[3] 'ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക/ഗരീബി ഗഠാവോ'[4] തുടങ്ങിയ മുദ്രാവാക്യങ്ങളിലൂടെ അധികാരവർഗ്ഗം നിരന്തരം ചൂഷണം ചെയ്യുകയാണുണ്ടായത്.

## ഞങ്ങൾ ഇങ്ങനെ ചിന്തിക്കുന്നു

സ്വതന്ത്ര ഇന്ത്യ 60 വർഷങ്ങൾ പിന്നിടുമ്പോൾ സ്വാതന്ത്ര്യം, ജനാധിപത്യം, വികസനം, തൊഴിൽ, സാമൂഹ്യനീതി എന്നിവയുടെ വർത്തമാനത്തെയും, ഭാവിയെയും നമ്മുടെ ചെറുപ്പക്കാർ എങ്ങിനെ കാണുന്നു? അവർ സ്വപ്നങ്ങളും, സങ്കല്പങ്ങളും ആശങ്കകളും പങ്കുവെയ്ക്കുന്നു.

**യുവജനങ്ങളുടെ മോഹങ്ങളും പ്രതീക്ഷകളും, കേരളീയത്തിലേക്കെഴുതുക.**

ഇന്ത്യ വികസിക്കുന്നു എന്നു പറയുമ്പോൾ അത് വികസനത്തെ നിർണ്ണയിക്കുന്ന മൂല്യങ്ങളിൽ വരുന്ന മാറ്റം കൂടിയാണ്. നഗരവൽക്കരണം, തൊഴിൽ വൈവിദ്ധ്യം, സൈനികപുരോഗതി, സ്റ്റോക്ക് മാർക്കറ്റ് വിപുലീകരണങ്ങൾ ഒക്കെ രാഷ്ട്രം നേടിക്കഴിഞ്ഞു. എന്നാൽ പാർശ്വവത്ക്കരിക്കപ്പെടുന്ന ഒരു വലിയ ജനവിഭാഗത്തെ ഈ നേട്ടങ്ങൾക്കുവേണ്ടി ബലി കൊടുക്കേണ്ടിയും വന്നു. ആധുനിക ഇന്ത്യയിൽ ആധുനികരീതിയിൽ ജാതിബോധം നിലനിൽക്കുന്നു. സ്ത്രീകളുടെ ജീവിതാവസ്ഥക്കു മാറ്റം വന്നിട്ടില്ല. ('being' എന്ന നിലയിൽ വസ്ത്രം, തൊഴിൽ എന്നീ കേവല മാറ്റങ്ങളല്ല) ആരോഗ്യം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിലും കാര്യമായ പുരോഗതിയില്ല. കാശ്മീർ മുതൽ കന്യാകുമാരി വരെയും 'മതേതരത്വം' എന്നത് ഒരു കള്ളനാണയം ആയിരിക്കുന്നു.

സ്വതന്ത്ര ഇന്ത്യയെ ഏറ്റവും ശക്തമായി നിർണ്ണയിച്ച ഘടകങ്ങൾ, സംഭവങ്ങളിൽ പ്രധാനപ്പെട്ട യുദ്ധങ്ങൾ, അടിയന്തരാവസ്ഥ, ബാബ്റി മസ്ജിദ് തകർക്കൽ, 1981 മുതൽ നടപ്പിലാക്കിയ സാമ്പത്തിക ഉദാരവൽക്കരണനയങ്ങൾ എന്നിവയാണ്. ഇവയെല്ലാം തന്നെ 'വ്യക്തി-ഭരണകൂടം'[5] ബന്ധത്തെ പൊളിച്ചെഴുതുകയായിരുന്നു. പുത്തൻ സാമ്പത്തികനയങ്ങളിലൂടെ കമ്പോളം എന്നത് സമാന്തര ഭരണകൂടം പോലെ പ്രവർത്തിക്കുകയും പൗരൻ തന്റെ ആശ്രയം, തെരഞ്ഞെടുക്കപ്പെട്ട ഭരണകൂടത്തിലും ഉപരിയായി മാർക്കറ്റ് ലോകത്ത് തന്റെ തന്നെ ഉള്ളിൽ സൃഷ്ടിച്ച ഭരണകൂടത്തിൽ വെക്കുകയും ചെയ്തു. 'പാർലമെന്ററി ഭരണകൂട'ത്തിന് ഒരു ചെറിയ കൂട്ടത്തെ പോലും അഭിസംബോധന ചെയ്യാൻ കഴിയാത്ത നിസ്സഹായവസ്ഥ. പുത്തൻ സാമ്പത്തിക ലോകത്ത് ഇന്ത്യയിൽ പ്രധാനമായും നടപ്പിലാക്കേണ്ടത് പാർലമെന്ററി ഭരണകൂടത്തെ പുനർനിർണ്ണയിക്കുക എന്നതാണ്.

കഴിഞ്ഞ അറുപത് കൊല്ലങ്ങൾക്കിടയിൽ ഇന്ത്യൻ ജനതയെ ഒന്നിപ്പിക്കുവാൻ സാധിച്ചുവെന്നതിൽ സിനിമയും ക്രിക്കറ്റും വേറിട്ടുനിൽക്കുന്നു. 'പരന്ന വായന' ഇല്ലാതാവുകയും സ്പെഷ്യലൈസേഷൻ വരികയും ചെയ്തുവെങ്കിലും സിനിമ എന്ന മാധ്യമം ഇന്ന് വൈവിധ്യങ്ങളുടെ ഒരു പരീക്ഷണശാലയായി ഇന്ത്യയിൽ ഉപ